മാതൃഗൃഹമായ കോട്ടയം പുതുപ്പള്ളി വെന്നിമലയിൽ 1923 ഓഗസ്റ്റ് 23-ന് ജനിച്ച ജി. കുമാരപിള്ള തിരുവല്ല പെരിങ്ങര പി. ഗോപാലപിള്ളയുടെയും പി.ജി. പാർവ്വതിയുടെയും പുത്രനാണ്. ചങ്ങനാശ്ശേരി എസ്.ബി. കോളേജിൽനിന്ന് 1943-ൽ ഒന്നാംസ്ഥാനത്തോടെ ബി.എ.യും നാഗപ്പൂർ സർവ്വകലാശാലയിൽനിന്ന് എം.എ.യും നേടിയ അദ്ദേഹം 48-ൽ കോളേജ് അദ്ധ്യാപകനായി സർക്കാർ ജോലിയിൽ പ്രവേശിച്ചു. 79 വരെ അദ്ധ്യാപന രംഗത്തും അതോടൊപ്പം പൊതുരംഗത്തും പ്രവർത്തിച്ചു. പീപ്പിൾസ് യൂനിയൻ ഫോർ സിവിൽ ലിബർട്ടീസ് സംസ്ഥാന പ്രസിഡന്റായിരുന്ന കുമാരപിള്ള 94-ൽ പ്രൊഫ. എം.പി. മന്മഥന്റെ മരണശേഷം മദ്യനിരോധന സമിതി സംസ്ഥാന അദ്ധ്യക്ഷനായി. മരണം വരെ ഈ പദവിയിൽ തുടർന്നു. മദ്യനിരോധനവുമായി ബന്ധപ്പെട്ട് മട്ടാഞ്ചേരി, കുവപ്പാടം, ഊരമന, അഴിമാവ് എന്നിവിടങ്ങളിൽ എം.പി. മന്മഥനും കുമാരപിള്ളയും നയിച്ച സമരങ്ങൾ കേരളത്തെ പ്രകമ്പനം കൊള്ളിച്ചിരുന്നു.

46-ാം വയസ്സിലാണ് അദ്ദേഹം വിവാഹം കഴിച്ചത്. ആലപ്പുഴ സെന്റ് ജോസഫ്സ് കോളേജ് അദ്ധ്യാപിക പ്രൊഫ. ലീലയാണ് ഭാര്യ. മക്കളില്ല.

# മദ്യനിരോധനം

## മുഖപ്രസംഗം

### പ്രൊഫ. ജി. കുമാരപിള്ള

പ്രൊഫ ജി. കുമാരപിള്ളയുടെ നിര്യാണത്തിൽ ഏറ്റവുമധികം ദുഃഖിക്കുന്നത് കേരളത്തിലെ മദ്യനിരോധന പ്രവർത്തകരാണ് മരണവാർത്തയറിഞ്ഞ് ഓടിയെത്തിയ അഴിമാവിലെ കൂലിവേലക്കാരായ സ്ത്രീകൾ ഞങ്ങൾക്കിനി ആരുണ്ട് എന്നു ചോദിച്ചുകൊണ്ടു വിലപിച്ചപ്പോൾ അത് എല്ലാ മദ്യനിരോധന പ്രവർത്തകരുടേയും വിലാപമായി മാറുകയായിരുന്നു കേരളത്തിൽ ഈ പ്രസ്ഥാനം കെട്ടിപ്പടുത്തവരിൽ ഒന്നാംസ്ഥാനം പ്രൊഫ എം.പി മന്മഥനാണ് അദ്ദേഹത്തിന്റെ വലംകൈയായി അദ്ദേഹത്തോടൊപ്പം പ്രവർത്തിച്ചിരുന്നത് പ്രൊഫ കുമാരപിള്ളയായിരുന്നു ആറുകൊല്ലങ്ങൾക്കു മുമ്പ് പ്രൊഫ മന്മഥൻ നമ്മെ വിട്ടുപിരിഞ്ഞു ആ ശൂന്യത നികത്തുക അസാദ്ധ്യമാണെങ്കിലും പ്രസ്ഥാനം അനാഥമാകാതെ പ്രൊഫ കുമാരപിള്ള കാത്തുസൂക്ഷിച്ചു ഇപ്പോൾ അദ്ദേഹവും കാലയവനികയ്ക്കുള്ളിൽ മറഞ്ഞുകഴിഞ്ഞു ഇനി ആരുണ്ട് നമ്മെ നയിക്കുവാൻ എന്ന അമ്പരപ്പിലാണ് പ്രവർത്തകരെല്ലാം

പ്രൊഫ കുമാരപിള്ളയുടെ വ്യക്തിത്വത്തിന് പലമാനങ്ങളുണ്ട്. സ്വാതന്ത്ര്യ സമരഭടൻ, വിപുലമായ ശിഷ്യ സമ്പത്തുള്ള അദ്ധ്യാപകൻ, മൗലിക സ്വഭാവമുള്ള കവിതകളുടെ കർത്താവ്, മാനവികതയുടെ ശക്തനായ വക്താവ്, ഗാന്ധിയൻ ആശയങ്ങളുടെ പ്രഗൽഭനായ പ്രചാരകൻ, ആ ആശയങ്ങളിൽ പലതും സാക്ഷാൽക്കരിക്കുവാൻ പ്രയത്നിച്ച ഗാന്ധിമാർഗ്ഗപ്രവർത്തകൻ എന്നിങ്ങനെ വിവിധ മേഖലകളിൽ ദീപ്തിചൊരിഞ്ഞു നിൽക്കുന്നു ആ വ്യക്തിത്വം

പ്രശസ്തമായ നിലയിൽ ബിരുദം നേടിയതിനു ശേഷം തിരുവനന്തപുരം സെക്രട്ടറിയേറ്റിൽ ലഭിച്ച ജോലിയുപേക്ഷിച്ച അദ്ദേഹം തൃശൂർക്ക് പോയത് അദ്ധ്യാപകവൃത്തിയിലുള്ള അഭിനിവേശവും സ്വാതന്ത്ര്യ സമരത്തിലുള്ള ആവേശവുംമൂലമായിരുന്നു. 1945 ൽ അദ്ദേഹം തൃശൂർ സെന്റ് തോമസ് കോളേജിൽ അദ്ധ്യാപകനായി അന്ന് കൊച്ചി രാജ്യപ്രജാമണ്ഡലത്തിന്റെ ആസ്ഥാനമായിരുന്നു തൃശൂർ കോളേജിലെ ക്ലാസ്സുകഴിഞ്ഞാൽ ബാക്കി സമയം മുഴുവൻ പ്രജാമണ്ഡലത്തിന്റെ പ്രവർത്തനങ്ങൾക്കായിട്ടാണ് കുമാരപിള്ള വിനിയോഗിച്ചത് പ്രജാമണ്ഡലം ഓഫീസ്സായിരുന്നു അദ്ദേഹത്തിന്റെ താമസസ്ഥലം പ്രജാമണ്ഡലത്തിന്റെ മുഖപത്രം എന്ന നിലയിൽ വി.ആർ. കൃഷ്ണനെഴുത്തച്ഛൻ ആഴ്ചപ്പതിപ്പായി ആരംഭിച്ചിരുന്ന 'ദീനബന്ധു' അന്ന് ദിനപ്പത്രമായി രൂപാന്തരപ്പെട്ടുകഴിഞ്ഞിരുന്നു അതിന്റെ എഡിറ്റിംഗ് ജോലിയിൽ കുമാരപിള്ള കാര്യമായി സഹായിക്കുകയും ചെയ്തു. പ്രവർത്തകർക്ക് ക്ലാസ്സെടുക്കുവാനും പൊതുയോഗങ്ങളിൽ പ്രസംഗിക്കുവാനും അദ്ദേഹത്തിന്റെ സേവനം പ്രജാമണ്ഡലം പ്രയോജനപ്പെടുത്തി

കൂടാതെ പ്ര വർത്തകർക്കായി സമരഗാഥകളും ദേശഭക്തിഗാനങ്ങളും അദ്ദേഹം രചിച്ചുകൊ ടുത്തു. സ്റ്റുഡന്റ്സ് കോൺഗ്രസ്സ് സംഘടിപ്പിക്കുന്നതിലും കുമാരപിള്ള നേതൃത്വം നൽകുകയുണ്ടായി.

സെന്റ് തോമസ് കോളേജിൽ ഒരു വർഷം മാത്രമേ അദ്ദേഹം അദ്ധ്യാപകനായി സേവനമനുഷ്ഠിച്ചുള്ളൂ. പിന്നീടദ്ദേഹം തിരുവനന്തപുരത്തുള്ള കോളേജുകളിൽ സേവനം തുടർന്നു ഗവൺമെന്റു സർവ്വീസിൽ പ്രവേശിച്ചതിനുശേഷം കേരളത്തിലെ നിരവധി കോളേജുകളിൽ അദ്ദേഹം പഠിപ്പിക്കുകയുണ്ടായി. ലോകത്തെങ്ങുമുള്ള സാംസ്കാരിക ചലനങ്ങൾ സ്വന്തം ആത്മാവിലേക്ക് ആവാഹിച്ചെടുത്തിരുന്ന ആ കോളേജദ്ധ്യാപകൻ വിദ്യാർത്ഥികളുടെ മുന്നിൽ സദാ ജ്വലിക്കുന്ന ജ്ഞാനദീപമായി നിലകൊണ്ടു കലാലയങ്ങളിൽ അദ്ധ്യാപകരും വിദ്യാർത്ഥികളും തമ്മിലുള്ള ബന്ധം താമരയിലയിലെ ജലകണങ്ങൾ പോലെ അസംതൃപ്തമാണല്ലോ എന്നാൽ കുമാരപിള്ളയും അദ്ദേഹത്തിന്റെ വിദ്യാർത്ഥികളും തമ്മിലുള്ള ബന്ധം പഴയ ഗുരുശിഷ്യ ബന്ധത്തെ അനുസ്മരിപ്പിക്കുന്നതായിരുന്നു. അദ്ദേഹത്തിന്റെ ക്ലാസ്സിൽ പഠിച്ചിട്ടുള്ള വിദ്യാർത്ഥികൾ എവിടെ വച്ച് അദ്ദേഹത്തെകണ്ടാലും ഓടി വന്ന് നമസ്കരിക്കും. അദ്ദേഹമാകട്ടെ അവരുടെ പേരെടുത്തുപറഞ്ഞ് കുശലപ്രശ്നം നടത്തുകയും ചെയ്യും. അവരിൽ പലരുടേയും മാതാപിതാക്കളേയും ബന്ധുക്കളേയും പറ്റിപ്പോലും അദ്ദേഹം പഠിച്ചുവച്ചിട്ടുണ്ടാകും. മനുഷ്യ ബന്ധത്തിന് ഇത്രയേറെ വൈശിഷ്ട്യം കൽപിച്ച ഒരദ്ധ്യാപകനെ വേറെ കാണാൻ പ്രയാസമാണ്.

കവി എന്നനിലയിൽ കുമാരപിള്ളയ്ക്ക് അർഹിക്കുന്ന അംഗീകാരം ഇനിയും ലഭിച്ചിട്ടില്ല എന്നു പറയാതെ തരമില്ല ഉൽകൃഷ്ടമൂല്യങ്ങൾ ആവിഷ്കരിക്കുവാനും സാമൂഹ്യമായ അനീതികൾക്കെതിരെ ക്ഷോഭിക്കുവാനും കവിത എന്ന മാധ്യമം അദ്ദേഹം ഉപയോഗിച്ചിട്ടുണ്ട്. 'അരളിപ്പൂക്കൾ', 'മരുഭൂമിയുടെ കിനാവുകൾ', 'ഓർമ്മയുടെ സുഗന്ധം', 'സപ്തസ്വരം', 'ഇരുപത്തഞ്ചു കവിതകൾ', 'ശതാബ്ദങ്ങളുടെ ശബ്ദം', 'കാലത്തിന്റെ കോലങ്ങൾ' എന്നിവ അദ്ദേഹത്തിന്റെ പ്രസിദ്ധമായ കവിതാ സമാഹാരങ്ങളാണ് കേരള കവിതാ ഗ്രന്ഥവരി എന്ന വാർഷിക പ്രസിദ്ധീകരണത്തിന്റെ പല ലക്കങ്ങളിലും അദ്ദേഹത്തിന്റെ കവിതകൾ കാണാം

നല്ലൊരു പ്രബന്ധകാരനായിരുന്ന കുമാരപിള്ള ആഴത്തിലുള്ള പഠനത്തിന്റേയും ഗാഢമായ ചിന്തയുടെയും പരിണതഫലങ്ങളാണ് അദ്ദേഹത്തിന്റെ പ്രബന്ധങ്ങൾ. കുമാരപിള്ളയുടെ ജീവതദർശനം വിശാലമാനവികതയാണെന്നു അദ്ദേഹത്തിന്റെ എതു ലേഖനം വായിച്ചാലും നമുക്കു മനസ്സിലാകും. മൂന്നുലേഖന സമാഹാരങ്ങൾ പ്രസിദ്ധീകൃതമായിട്ടുണ്ട്. തെരഞ്ഞെടുത്ത ലേഖനങ്ങൾ മനുഷ്യത്വത്തിന്റെ മാർഗ്ഗങ്ങൾ, ഇന്നും ഇന്നലേയും നാളേയും എന്നിവയാണാ സമാഹാരങ്ങൾ 1946ൽ അദ്ദേഹം എഴുതി പ്രസിദ്ധീകരിച്ച ജീവചരിത്രഗ്രന്ഥമാണ് മൗലാനാ അബ്ദുൾകലാം ആസാദ്. 1989 ൽ ആചാര്യ നരേന്ദ്രദേവ് എന്ന ജീവച രിത്ര കൃതി പ്രസിദ്ധീകൃതമായി. രോഗാതുരനായി കഴിയുന്ന കാലത്താണദ്ദേഹം ലക്ഷ്മി എൻ. മേനോന്റെ ജീവചരിത്രം രചിച്ചത് – ആ കൃതിയിലെ ആദ്യത്തെ അ ധ്യായങ്ങൾ - നവോത്ഥാന നായികമാർ, പെൺമലയാളം എന്നിവ കേരളത്തിലെ ഉണരുന്ന സ്ത്രീത്വത്തിന്റെ ഒരു രേഖാചിത്രം നമുക്ക് പ്രദാനം ചെയ്യുന്നു. കുമാ രനാശാൻ, മെമോയേഴ്സ് ഓഫ് മഹാത്മാ ഗാന്ധി എന്നീ ഇംഗ്ലീഷ് കൃതികളും അദ്ദേ ഹം രചിച്ചിട്ടുണ്ട്


കുമാരപിള്ള തികഞ്ഞ ഗാന്ധിയനാണ് എന്ന് പറയുമ്പോൾ ഗാന്ധിജിയെ കണ്ണടച്ചാരാധിക്കുന്ന ആളാണദ്ദേഹമെന്നു ധരിക്കരുത്. അദ്ദേഹം തന്നെ ഒരിടത്തു പ്രസ്താവിച്ചിട്ടുള്ളതുപോലെ ആരേയും ആരാധിക്കുന്ന പതിവ് അദ്ദേഹത്തിനില്ല ഗാന്ധിജിയുടെ ആശയങ്ങളും മാർഗ്ഗവും മനുഷ്യസംസ്കാരത്തിന്റെ പരമോന്നതപദത്തെ ചൂണ്ടിക്കാണിക്കുന്നു എന്ന് ഗാന്ധിജിയെ വിമർശനബുദ്ധ്യാ നിരീക്ഷിക്കുമ്പോൾ അദ്ദേഹം കാണുന്നു. അതുകൊണ്ട് ആ ആശയങ്ങളേയും മാർഗ്ഗത്തേയും പറ്റി അദ്ദേഹം എഴുതുന്നു, പ്രസംഗിക്കുന്നു, സംവാദം ചെയ്യുന്നു ഗാന്ധി സാഹിത്യത്തിലെ സാമൂഹ്യജീവിതത്തെപ്പറ്റിയുള്ള വോള്യം തയ്യാറാക്കിയത് കുമാരപിള്ളയാണ് അദ്ദേഹത്തിന്റെ ചിന്തയെ ഏറ്റവുമധികം സ്വാധീനിച്ചിട്ടുള്ളത് ഗാന്ധിജിയാണ് എന്ന കാര്യത്തിൽ സംശയമില്ല. എം.എൻ. റോയ് തുടങ്ങിയ ചിന്തകന്മാരും അദ്ദേഹത്തെ സ്വാധീനിച്ചിട്ടുണ്ടാകാം.

ഗാന്ധിജിയുടെ ആശയാദർശങ്ങൾ സ്വാംശീകരിക്കുന്നതിലും പ്രചരിപ്പിക്കുന്നതിലും മാത്രം അദ്ദേഹത്തിന്റെ ഗാന്ധിസം ഒതുങ്ങിനിന്നില്ല. അത് തന്നാലാവും വിധം പ്രവൃത്തിയിൽ കൊണ്ടുവരാൻ അദ്ദേഹം ശ്രമിച്ചിട്ടുണ്ട് വ്യക്തിപരമായി എല്ലാവിധ ആർഭാടത്തേയും അദ്ദേഹം നിരാകരിച്ചു അതീവ ലളിതമായ ഒരു ജീവിതമാണദ്ദേഹം നയിച്ചത് സാമൂഹികമായി അന്ത്യോദയത്തിനുവേണ്ടി അദ്ദേഹം നിലകൊണ്ടു. പരിസ്ഥിതി സംരക്ഷണത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ, പൗരാവകാശങ്ങൾക്കുവേണ്ടിയുള്ള പ്രക്ഷോഭങ്ങൾ തുടങ്ങിയവ അദ്ദേഹത്തിന്റെ ഗാന്ധിമാർഗ്ഗപ്രവർത്തനത്തിന്റെ ഭാഗമായിരുന്നു. എന്നാൽ ഗാന്ധിജിയുടെ മദ്യനിരോധനം എന്ന ആദർശത്തിന്റെ സാക്ഷാൽക്കാരത്തിനുവേണ്ടിയാണ് തന്റെ ജീവിതത്തിന്റെ അവസാനത്തെ പതിനാറു കൊല്ലം അദ്ദേഹം സമർപ്പിച്ചത്. മട്ടാഞ്ചേരി, ഊരമന, അഴിമാവ്, പാളയം തുടങ്ങിയ സ്ഥലങ്ങളിൽ മദ്യനിരോധന സമിതി നടത്തിയ തീവ്രവും ദീർഘവുമായ സമരങ്ങൾ വിജയിച്ചത് കുമാരപിള്ളയുടെ സത്യാഗ്രഹത്തിന്റെ ഫലമായിട്ടാണ്. അതിന്റെയെല്ലാം കഥ അദ്ദേഹം രചിച്ച കേരളത്തിലെ മദ്യവിരുദ്ധ പ്രസ്ഥാനം ഒരു ലഘു ചരിത്രം എന്ന ഗ്രന്ഥത്തിൽ വായിക്കാവുന്നതാണ്.

ഈ ലേഖനത്തിന്റെ ആരംഭത്തിൽ ഇനി ആരുണ്ട് നമ്മെ നയിക്കാൻ എന്ന അമ്പരപ്പിലാണ് പ്രവർത്തകരെല്ലാം എന്നു ഞങ്ങൾ പറയുകയുണ്ടായി കുമാരപിള്ളയോട് നമുക്ക് അല്പമെങ്കിലും ബഹുമാനമുണ്ടെങ്കിൽ തരിച്ചിരിക്കുകയല്ല നാം ചെയ്യേണ്ടത്, മറിച്ച് പ്രസ്ഥാനത്തിനു വേണ്ടി സ്വയം സമർപ്പിക്കുകയാണ്. അദ്ദേഹത്തിന്റെ സമുന്നതമായ നേതൃത്വം നഷ്ടപ്പെട്ടതിലുള്ള ശൂന്യത നമ്മൾ കൂട്ടായ പ്രവർത്തനം കൊണ്ട് നികത്തും എന്ന് പ്രതിജ്ഞ ചെയ്തുകൊണ്ട് അദ്ദേഹത്തിന് ആദരാഞ്ജലി സമർപ്പിക്കാം.

# ജി. കുമാരപിള്ള ഓർമ്മയായി

## ഇടവേളകളില്ലാത്ത സാഹിത്യ ജീവിതം



**സെ**പ്റ്റംബർ 17 ഞായറാഴ്ച വെളുപ്പിനായിരുന്നു കുമാരപിള്ള സാർ നിര്യാതനായത്. അദ്ദേഹത്തിന് 77 വയസ്സായിരുന്നു. തൃശൂരിൽ അദ്ദേഹത്തിന്റെ വസതിക്കടുത്ത് സുഹൃത്തായ ഡോക്ടറുടെ ഒപ്പമായിരുന്നു ചികിത്സാർത്ഥം താമസിച്ചിരുന്നത്.

ശനിയാഴ്ച രാത്രി കഞ്ഞികുടി കഴിഞ്ഞ് കിടന്നശേഷം പതിനൊന്നരയോടെ ഉണർന്ന് ഡോക്ടറോട് പറഞ്ഞു. 'എനിക്ക് വയറിന് നല്ല സുഖമില്ല. വേദന തോന്നുന്നു'. പലതവണ രക്തസ്രാവത്തിൽനിന്നും രക്ഷിച്ച മരുന്ന് വീണ്ടും കൊടുത്തു. അദ്ദേഹം പിന്നെ ഉറങ്ങിയില്ല. ക്ഷീണിതനായിരുന്നെങ്കിലും പലതും പറഞ്ഞുകൊണ്ടിരുന്നു..പുലർച്ചെ വീണ്ടും വേദനിക്കുന്നുവെന്ന് പറഞ്ഞു. അപ്പോഴും അദ്ദേഹം ശാന്തനായിരുന്നു. മരണത്തിന് ഒരു മിനിറ്റു മുൻപ് പറഞ്ഞു. 'വയ്യെന്ന് തോന്നുന്നു'. പതുക്കെ കണ്ണുകൾ അടച്ചു. സമയം വെളുപ്പിന് 1.20.

മരണസമയത്ത് പത്നി പ്രൊഫ. എം. ലീല ഒപ്പമുണ്ടായിരുന്നു. വെളുപ്പിനുതന്നെ തൃശൂർ തിരുവമ്പാടി ക്ഷേത്രത്തിനു സമീപമുള്ള സ്വവസതിയായ മാരാത്തു വീട്ടിലേയ്ക്ക് മൃതദേഹം കൊണ്ടുവന്നു. ഉച്ചക്ക് ഒന്നരവരെ വീട്ടിൽ പൊതുദർശനത്തിന് വച്ചു. സാമൂഹ്യ-സാംസ്കാരിക-രാഷ്ട്രീയ രംഗങ്ങളിലെ ഒട്ടേറെപ്പേർ അന്തോപചാരം അർപ്പിക്കാനെത്തി.

മദ്യനിരോധനസമിതിക്കുവേണ്ടി ജനറൽ സെക്രട്ടറി ജയപ്രകാശ് നാരായണൻ പുഷ്പചക്രം അർപ്പിച്ചു. വൈസ് പ്രസിഡന്റുമാരായ ഐ.എം. വേലായുധൻ മാസ്റ്റർ, ഇയ്യച്ചേരി കുഞ്ഞിക്കൃഷ്ണൻ മാസ്റ്റർ, ജില്ലാ ഭാരവാഹികൾ, പ്രവർത്തകർ തുടങ്ങി നൂറുകണക്കിനാളുകൾ ജില്ലകളിൽനിന്നെത്തി ആദരാഞ്ജലികൾ അർപ്പിച്ചു.

മരണാനന്തര ക്രിയകൾക്കുശേഷം ഉച്ചതിരിഞ്ഞ് സഹപ്രവർത്തകരുടേയും സ്നേഹിതരുടേയും അകമ്പടിയോടെ മൃതദേഹം ലാലൂർ പൊതുശ്മശാനത്തിൽ എത്തിച്ചു. സാറിന് മക്കളില്ലാത്തതിനാൽ സഹോദരൻ പ്രൊഫ. ജി. പങ്കജാക്ഷപിള്ള, അദ്ദേഹത്തിന്റെ പുത്രന്മാരായ ജയകൃഷ്ണൻ, രാജഗോപാലൻ, സഹോദരി സരോജിനിയമ്മയുടെ മക്കളായ ബാലചന്ദ്രൻ, ഗോപകുമാർ എന്നിവർ ചിതക്ക് തീ കൊളുത്തി.

ഇടവേളകളില്ലാത്ത സാഹിത്യ ജീവിതമായിരുന്നു ജി. കുമാരപിള്ളയുടേത്. ഫോർത്ത് ഫോമിൽ പഠിക്കുമ്പോഴാണ് അദ്ദേഹത്തിന്റെ ആദ്യരചന കഥാപരിഭാഷയായി പുറത്തുവന്നത്. ആദ്യ കവിതയാകട്ടെ 1938 ൽ പൗരധ്വനിയിൽ വെളിച്ചംകണ്ട എന്റെ അമ്മ. അരളിപ്പൂക്കൾ, മരുഭൂമിയുടെ കിനാവുകൾ, കേരളാ കവിതാ ഗ്രന്ഥവരിയുടെ കവിത, സപ്തസ്വരം, ഇരുപത്തിയഞ്ച് കവിതകൾ, ഓർമ്മയുടെ സുഗന്ധം, ഗാന്ധി മാർഗ്ഗത്തെ സ്പർശിക്കുന്ന ശതാബ്ദങ്ങളുടെ ശബ്ദം എന്നിങ്ങനെ ഏഴു പുസ്തകങ്ങൾ പിന്നീട് പുറത്തിറങ്ങി. ഓർമ്മയുടെ സുഗന്ധം എന്ന സമാഹാരത്തിന് സാഹിത്യ അക്കാദമി അവാർഡും ഓടക്കുഴൽ അവാർഡും ലഭിച്ചു.

ഏഴ് ദശാബ്ദക്കാലത്തെ ജീവിതത്തി നിടയിൽ കുമാരപിള്ളയെ തേടിയെത്തിയ സ്ഥാനമാനങ്ങൾ ഒട്ടേറെ. സാഹിത്യ അക്കാദമി, കേരള സർവ്വകലാശാല സെനറ്റ്, ഗാന്ധി പീസ് ഫൗണ്ടേഷൻ പീസ് കമ്മറ്റി എന്നിവയിൽ അംഗത്വം, സർവ്വോദയ മണ്ഡലം വൈസ് പ്രസിഡന്റ് - അദ്ദേഹം അലങ്കരിച്ച സ്ഥാനങ്ങളിൽ ഇവയൊക്കെ ചിലതുമാത്രം.

തൃശ്ശൂരിൽ നിന്ന് പ്രസിദ്ധീകരിച്ചിരുന്ന ദീനബന്ധുവിന്റെ പത്രാധിപസമിതി അംഗം, ഗാന്ധിജിയുടെ തിരഞ്ഞെടുത്ത കൃതികളുടെ ജനറൽ എഡിറ്റർ എന്നീ തലങ്ങളിലും അദ്ദേഹം പ്രവർത്തിച്ചു. ശിഷ്യസമ്പത്ത് അമൂല്യമാണെന്ന് എന്നും വിശ്വസിച്ചിരുന്ന കുമാരപിള്ളയുടെ ശിഷ്യനായിരുന്നു ചലച്ചിത്ര സംവിധായകൻ അരവിന്ദൻ. ഉത്തരായണം എന്ന സിനിമയിൽ കുമാരപിള്ളയുടെ അന്ത്യനിമിഷം എന്ന കവിത (ഹൃദയത്തിൻ രോമാഞ്ചം സ്വരരാഗഗംഗയായ്... എന്ന ഗാനം) ഉൾപ്പെടുത്തിയത് അതു കൊണ്ടു തന്നെ ഒരിക്കലും യാദൃച്ഛികമാവില്ല.

കവിതയും സാഹിത്യവും ഒപ്പം സമരവും ഹൃദയത്തിലാവാഹിച്ച കുമാരപിള്ളയ്ക്ക് തന്റെ ജീവിതത്തിലെ വിജയങ്ങളൊന്നും അമിതാഹ്ളാദത്തി ന്റെ നിമിഷങ്ങളായിരുന്നില്ല, മറിച്ച്, ജീവിതത്തെക്കുറിച്ച് അദ്ദേഹം ഇങ്ങനെ വിലയിരുത്തി

...ഉള്ളതു വെറുമീ തീണ്ടനാഴി പൂവുകൾ മാത്രം  
ഗന്ധമെഴാത്തവ, വർണ്ണമെഴാത്തവ  
രണ്ടോ നാലോ പൂവിതളുകൾ മാത്രം  
എങ്കിലുമിവയും പൂവുകളല്ലോ  
എന്നുടെ സ്വന്തം പൂവുകളല്ലോ

(മാതൃഭൂമി - സെപ്റ്റംബർ - 18)

പ്രൊഫ. ബി. ഹൃദയകുമാരി

# ജി. കുമാരപിള്ള: തലമുറകളിലെ ശിഷ്യർക്ക് പ്രചോദനം

**ജി**. കുമാരപിള്ള എല്ലാറ്റിനുമുപരി ഒരു അദ്ധ്യാപകനായിരുന്നു. ഒരു ഭാഷാദ്ധ്യാപകൻ എക്കാലവും കുട്ടികൾക്ക് പ്രചോദനമായിരിക്കണം. കുമാരപിള്ള സർ അദ്ദേഹത്തിന് ഉത്കൃഷ്ടരചനയോട്, വിശിഷ്യാ കാവ്യകലയോടുള്ള പ്രേമംകൊണ്ട് പല തലമുറകളിലെ വിദ്യാർത്ഥികൾക്ക് പ്രചോദനമായിത്തീർന്നു.

തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലെ വിദ്യാർത്ഥികൾക്ക് അദ്ദേഹത്തിന്റെ ഇംഗ്ലീഷ് ക്ലാസുകൾ ഒരിക്കലും മതിവന്നിട്ടില്ല. സമ്പൂർണവും പണ്ഡിതോചിതവുമായ ആ പ്രഭാഷണങ്ങൾക്ക് കാവ്യകലയിൽ ഒരു കവിക്കുണ്ടായിരിക്കേണ്ട ഉൾക്കാഴ്ചയും ഉത്തമസാഹിത്യത്തിൽ സൂക്ഷ്മദർശിയായ ഒരെഴുത്തുകാരനുവേണ്ട ആസ്വാദനമികവും തീർച്ചയായും ഉണ്ടായിരുന്നു. അദ്ദേഹം സ്വന്തം നിലപാടുകളിൽ ഒരിക്കലും ഒരു കടുംപിടുത്തക്കാരനായിരുന്നില്ല. അദ്ദേഹത്തിന്റെ നർമ്മബോധവും ഇടയ്ക്കിടെയുള്ള ഫലിതപ്രയോഗങ്ങളും അത്യാനന്ദകരമായിരുന്നുതാനും.

ഇംഗ്ലീഷ് വിഭാഗത്തിൽ ഒരു ജൂനിയർ അദ്ധ്യാപികയായി ഞാൻ ചേർന്നകാലത്ത് കുമാരപിള്ള സർ എടുത്തിരുന്ന സ്പെഷ്യൽ ക്ലാസുകളുടെ എണ്ണം കണ്ട് പലപ്പോഴും അത്ഭുതപ്പെട്ടിട്ടുണ്ട്. ഓണത്തിനും ക്രിസ്തുമസിനും മദ്ധ്യവേനൽക്കാലത്തും മറ്റും അവധികളഞ്ഞിട്ട് സാറിന്റെ ക്ലാസുകളിലേയ്ക്ക് കുട്ടികൾ തിരക്കിട്ടെത്താറുണ്ടായിരുന്നു. അവരെ സഹായിക്കുന്നതിൽ അദ്ദേഹം ഒരു വൈഷമ്യവും പ്രകടിപ്പിച്ചിട്ടില്ല. കുട്ടികളുടെ ഉത്സാഹപൂർണ്ണമായ താത്പര്യം അദ്ദേഹത്തിന് മതിയായ പ്രതിഫലം തന്നെയായിരുന്നു.

പിന്നീട് കോളേജിലെ അന്തരീക്ഷം പാടെ മാറുകയും സമരങ്ങൾ ദിനചര്യപോലെയാകുകയും ചെയ്തപ്പോൾ അദ്ദേഹത്തിന്റെ മുഖം ചിലപ്പോഴെല്ലാം ശോകാർദ്രമായി. ആ മുഖത്തുനിന്നും പലതും വായിച്ചെടുക്കാമായിരുന്നു. ഞാനോർക്കുന്നു, ഒരിക്കൽ ഒരു പ്രക്ഷുബ്ധമായ സമരദിനം, ഉച്ചതിരിഞ്ഞ് സാറിന്റെ ക്ലാസിനുചുറ്റും സമരക്കാർ മുദ്രാവാക്യം മുഴക്കി നടക്കുന്നു. പക്ഷെ, അവരുടെ ഭീഷണിക്കുവഴങ്ങി പുറത്തിറങ്ങാൻ ഒരു കുട്ടിപോലും തയ്യാറായില്ല. അപ്പോഴതാ ഒരു കരിങ്കൽച്ചീള് ക്ലാസ്സിനുള്ളിലേക്ക് പാഞ്ഞുവരുന്നു. ആരും ഉപദ്രവിക്കപ്പെടാൻ താൻ ആഗ്രഹിക്കുന്നില്ല എന്നുപറഞ്ഞ് ഉടനെ ക്ലാസ് പിരിച്ചുവിടുകയാണ് അദ്ദേഹം ചെയ്തത്. കോളേജിലെ അച്ചടക്കമാകെ കാറ്റിൽ പറത്തിയ ദിനങ്ങളായിരുന്നു അത്.

കുമാരപിള്ളയ്ക്ക് സകല വിദ്യാർത്ഥികളുടെയും പേരും മറ്റു വിവരങ്ങളും അറിയാമായിരുന്നു. അവരെ സംബന്ധിച്ച എല്ലാ വിവരങ്ങളും സദാ ഓർമ്മിക്കുംവിധം അമ്പരപ്പിക്കുന്നതായിരുന്നു അദ്ദേഹത്തിന്റെ ഓർമ്മശക്തി. കാര്യമായ ഇടവേളക്കുശേഷം കണ്ടുമുട്ടുമ്പോഴും തങ്ങളെപ്പറ്റി യാതൊന്നും സാറ് മറന്നിട്ടില്ല എന്നറിഞ്ഞ് കുട്ടികൾ സന്തോഷിക്കാറുണ്ട്.

ജീവത്തായ ജിജ്ഞാസയും അനായാസമായ സാഹോദര്യഭാവവും അടുത്തവരെയെല്ലാം അദ്ദേഹത്തിന്റെ സ്നേഹഭാജനങ്ങളാക്കി മാറ്റി.

മേലധികാരികൾ അധികാരസീമകൾ ലംഘിക്കാറുള്ള അവസരങ്ങളിൽ ശാന്തവും ദൃഢവുമായ പ്രതിരോധംകൊണ്ട് അവയെ നേരിട്ട അദ്ദേഹത്തെ ഒരു സഹപ്രവർത്തക എന്ന നിലയിൽ കൃതജ്ഞതാപൂർവ്വം ഞാൻ സ്മരിക്കുന്നു. അദ്ദേഹം ഒരിക്കലും ക്ഷോഭിച്ചില്ല, ഒരിക്കലും ആക്രോശിച്ചില്ല. പക്ഷേ, തന്റേതായ അന്തസ്സുറ്റ രീതിയിൽ അരുത് എന്നു പറയേണ്ടിടത്ത് അരുത് എന്നുതന്നെ പറഞ്ഞു. ഭയപ്പെടുത്തി പിന്തിരിപ്പിക്കാവുന്ന ആളായിരുന്നില്ല അദ്ദേഹം.

സ്റ്റാഫ്റൂമിൽ അദ്ദേഹം ഒരു സജീവസാന്നിദ്ധ്യംതന്നെയായിരുന്നു. ഉപദേശങ്ങൾ വേണ്ടപ്പോഴെല്ലാം അവ തന്നു. മനുഷ്യനെപ്പറ്റിയും ചരാചരങ്ങളെപ്പറ്റിയുമുള്ള വിപുലമായ വിജ്ഞാനസമ്പത്ത്, തിളങ്ങുന്ന നർമ്മബോധം എന്നിവയാൽ മിക്കപ്പോഴും അന്തരീക്ഷം ജീവസ്സുറ്റതാക്കുകയും ആഹ്ലാദകരമായ ഇടവേളകൾ ഞങ്ങളുമായി പങ്കുവയ്ക്കുകയും ചെയ്തു. കുട്ടികൾ അദ്ദേഹത്തെ എത്രമാത്രം അംഗീകരിക്കുന്നു എന്നറിയുന്നത് ഒരാനന്ദമായിരുന്നു. വളരെമുമ്പ് ചൈനാധിനിവേശകാലത്തോ പാക്കിസ്ഥാൻ യുദ്ധകാലത്തോ മറ്റോ, ശാരീരിക ശിക്ഷണം അദ്ധ്യാപകർക്ക് നിർബ്ബന്ധമാക്കി. ഞങ്ങളിൽ മിക്കവരും അതിനെ വിലപ്പെട്ട ഞങ്ങളുടെ സമയത്തിനുമേൽ സർക്കാരിന്റെ കടന്നുകയറ്റമായിക്കണ്ട് മുറുമുറുത്തപ്പോൾ, എന്നും ഉച്ചതിരിഞ്ഞ് കുമാരപിള്ള സർ പ്രത്യക്ഷപ്പെടുക ട്രൗസറും ബനിയനും ധരിച്ചായിരിക്കും. എന്നിട്ട് പോയി ടെന്നീസ് കളിക്കും. പക്ഷേ, "ഹാ ഭാരതമേ, എന്റെ ഭാരതമേ, നിനക്കായ് ഞാൻ എന്തു ചെയ്യേണ്ടൂ?" എന്നു തുടങ്ങുന്ന ഒരു സർക്കാർ വിജ്ഞാപനം ഞങ്ങൾക്ക് കിട്ടിയപ്പോൾ എത്രമാത്രം പരിഹാസമായിരുന്നു അദ്ദേഹത്തിനെന്ന് ഞാനോർക്കുന്നു.

ഒരു കവി എന്ന നിലയിൽ തന്റെ നല്ല കവിതകളിൽ അദ്ദേഹത്തിന്റെ ഭാഷ ഭാവാത്മകമായിരുന്നു, കാല്പനികതയിൽ പ്രചോദിതനായിരുന്നു അദ്ദേഹം, പദവിന്യാസത്തിൽ അത്യന്തം ശ്രദ്ധാലുവായിരുന്നു. ഒരു പ്രസംഗകനെന്ന നിലയിൽ അദ്ദേഹത്തിന് അനർഗ്ഗളമായ വാഗ്മിത്വമൊന്നുമില്ലായിരുന്നു. പക്ഷേ, തന്റേതായ ചാതുര്യവും ശൈലിയും സ്വന്തമാക്കിയിരുന്നു. മികച്ച ഗദ്യകർത്താവുകൂടിയായ അദ്ദേഹം കുറെയേറെ പുസ്തകങ്ങളും ലേഖനങ്ങളും രചിച്ചിട്ടുണ്ട്.

ഗാന്ധിയുടെ പ്രധാന കൃതികൾ മലയാളത്തിൽ പ്രസിദ്ധീകരിച്ചപ്പോൾ പത്രാധിപസമിതിയിൽ അദ്ദേഹം ഉണ്ടായിരുന്നു. അറിയപ്പെടുന്ന ഒരു ഗാന്ധിയനായിരുന്നുവെങ്കിലും ദുർബ്ബലരൂപിയായ ഈ ഇംഗ്ലീഷ് പ്രൊഫസർക്ക് ദീർഘമായി പോരാടുന്നതിനും ഒരു രക്തസാക്ഷിയുടെ വീരമരണം പൂകുന്നതിനും ശേഷിയുണ്ടെന്ന് അന്ന് ആരും കരുതിയില്ല.

തനിക്ക് നന്നായി ബോധ്യംവന്ന ചില കാരണങ്ങളാൽ മദ്യത്തിനെതിരെയുള്ള പോരാട്ടം അദ്ദേഹം തിരഞ്ഞെടുത്തു. മദ്യത്തിനടിപ്പെട്ട ജനതയോട്, ലഹരി വിൽക്കുന്ന ചെകുത്താൻമാരോട്, ഈ കളികൾക്കെല്ലാം നേതൃത്വം കൊടുക്കുന്ന പ്രിയപ്പെട്ട സർക്കാരിനോട്– ഇവരോടുള്ള പോരാട്ടം. ഇതൊരു തോൽക്കുന്ന യുദ്ധമാണെന്ന് അദ്ദേഹം അറിഞ്ഞിരിക്കും. പക്ഷേ, അദ്ദേഹമത് തുടർന്നുകൊണ്ടേയിരുന്നു. ആ പതാക പറപ്പിക്കുകതന്നെ ചെയ്തു. തന്നോടും സഹപ്രവർത്തകരോടും ചിലരെങ്കിലും അനുകൂലമായി പ്രതികരിക്കുമ്പോൾ അതിൽ തൃപ്തനാകുകയും ചെയ്തു. ഈ അഗ്നിപരീക്ഷകൾക്കിടയിൽ എത്രയോ തവണ അദ്ദേഹം ഉപവസിച്ചു. തന്റെ ആരോഗ്യമാണ് അതിനു വിലയായി നൽകേണ്ടി വന്നത്. ഒടുവിൽ സ്വന്തം ജീവനും. കുറെയേറെ വർഷങ്ങൾകൂടി അദ്ദേഹത്തിന് നമ്മോടൊപ്പം ഉണ്ടായിരിക്കാമായിരുന്നു. അദ്ദേഹത്തിന്റെ വിയോഗം ഈ നാടിനെ എന്തെങ്കിലും പഠിപ്പിക്കുമോ? ഉണ്ടാവാൻ തീരെ തരമില്ല. കൈവിട്ടുപോകുന്ന ലക്ഷ്യപ്രാപ്തിക്കുവേണ്ടി ഒരു ജീവാർപ്പണംകൂടി. ആളുകൾക്ക് കുടിക്കണം അങ്ങനെയാവട്ടെ.

പക്ഷേ, ഗാന്ധി ജീവിച്ചുകൊണ്ടേയിരിക്കുന്നു, അല്ല മാനവരാശിയുടെ സാന്മാർഗ്ഗിക ജീവിതത്തിനും മഹത്വത്തിനും അനിവാര്യമായ കർമ്മപദ്ധതികൾ ഏറ്റെടുക്കാൻ മറ്റുള്ളവരെ പ്രേരിപ്പിക്കുകയും ചെയ്യും. ജി. കുമാരപിള്ള ഇന്നില്ല. അതിവിശിഷ്ടമായ ആ വ്യക്തിത്വത്തിന്റെ പേരിൽ, ബൗദ്ധികവും ഹാർദ്ദവുമായ വിശേഷഗുണങ്ങളുടെ പേരിൽ, സർവ്വോപരി ആ വീരോചിതമായ ആത്മാർത്ഥതയുടെപേരിൽ അദ്ദേഹം എന്നുമെന്നും ഓർമ്മിക്കപ്പെടും.

(ന്യു ഇന്ത്യൻ എക്സ്പ്രസിൽ എഴുതിയ ലേഖനം – 18.9.2000)

# മൂല്യങ്ങൾക്കു വേണ്ടി ജീവിച്ച പോരാളി


(മുഖപ്രസംഗം, മംഗളം – സെപ്റ്റംബർ 18)

മൂല്യാധിഷ്ഠിത ജീവിതവും സ്വാഭിപ്രായധീരതയും പാരമ്പര്യ സമ്പന്നതയും കൊണ്ട് കേരളീയ പൊതു ജീവിതത്തിൽ പ്രശോഭിച്ച വ്യക്തിത്വമായിരുന്നു ഇന്നലെ അന്തരിച്ച പ്രൊഫ. ജി. കുമാരപിള്ളയുടേത്. മലയാളികളായ സഹൃദയർക്ക് അവിസ്മരണീയമായ ആർജവം നിറഞ്ഞ കവിഹൃദയത്തിനുടമയായ അദ്ദേഹം കേരളത്തിനൊരിക്കലും മറക്കാനാവാത്ത മദ്യവിരുദ്ധ സമരത്തിലെ മുന്നണിപ്പോരാളിയുമായിരുന്നു.

കവി, വിദ്യാഭ്യാസ വിചക്ഷണൻ, പത്രപ്രവർത്തകൻ, തികഞ്ഞ ഗാന്ധിയൻ, മദ്യവിരുദ്ധപ്രവർത്തകൻ, പൗരാവകാശപ്രവർത്തകൻ തുടങ്ങി വൈവിധ്യമാർന്ന റോളിൽ അദ്ദേഹം സാമൂഹിക-സാംസ്കാരിക രംഗങ്ങളിൽ പ്രവർത്തിച്ചു. വിദ്യാർത്ഥിജീവിതകാലത്തു തുടങ്ങിയ പൊതുപ്രവർത്തനത്തിലൊരിക്കൽപോലും ശരിയെന്നു തനിക്കു തോന്നിയ വഴികളിൽനിന്നു വ്യതിചലിച്ചില്ല. കടന്നുപോയ വഴികളിൽ കാലിടറിയുമില്ല. ഓരോ ചുവടുവയ്പിലും ആദർശനിഷ്ഠയും സത്യസന്ധതയും കാത്തുസൂക്ഷിക്കാൻ കഴിഞ്ഞതാണ് അദ്ദേഹത്തിന്റെ അനിതരസാധാരണമായ സവിശേഷത.

സർക്കാർ ഉദ്യോഗം ഉപേക്ഷിച്ച് നാഗപ്പൂർ സർവ്വകലാശാലയിൽനിന്ന് ഇംഗ്ലീഷ് സാഹിത്യത്തിൽ മാസ്റ്റർ ബിരുദം നേടി. തൃശൂർ സെന്റ് തോമസ് കോളേജ് അദ്ധ്യാപകനായ കുമാരപിള്ള വി.ആർ. കൃഷ്ണനെഴുത്തഛനോടൊപ്പം സ്വാതന്ത്ര്യസമരത്തിൽ സജീവമായി. പിന്നീട് എം.ജി. കോളേജിലും യൂണിവേഴ്സിറ്റി കോളേജിലും അദ്ധ്യാപകനായ അദ്ദേഹം കേരള വാഴ്സിറ്റി സെനറ്റംഗവും കാലിക്കറ്റ് വാഴ്സിറ്റിയിലെ വിസിറ്റിംഗ് പ്രൊഫസറുമായി. അദ്ധ്യാപനം മാത്രമല്ല തന്റെ നിയോഗമെന്നു മനസിലാക്കിയ അദ്ദേഹം കാവ്യരചനയ്ക്കൊപ്പം സാമൂഹിക തിന്മകൾക്കെതിരായ സന്ധിയില്ലാസമരം നടത്തി. കവിതാസമിതിയിലും ഗാന്ധിവിചാര പരിഷത്തിലും ഗാന്ധി സ്മാരകനിധിയിലും ശ്രദ്ധേയമായി പ്രവർത്തിച്ചിരുന്നു. ഈടുറ്റ കവിതാസമാഹാരങ്ങളും അതിശക്തമായ ലേഖനസമാഹാരങ്ങളും കൊണ്ട് സാഹിത്യരംഗത്ത് വ്യാപക അംഗീകാരം നേടിയ പ്രൊഫ. കുമാരപിള്ള ശിഷ്യഗണങ്ങൾക്ക് ആരാധ്യനായ ഗുരുശ്രേഷ്ഠനായിരുന്നു.

കേരളീയ സമൂഹത്തിൽ ധാർമ്മിക നിലവാരത്തകർച്ചയ്ക്കിടയാക്കിയ മദ്യവിപത്തിനെതിരെ പ്രൊഫ. എം.പി. മന്മഥന്റെ വലംകയ്യായി മദ്യവർജ്ജനപ്രസ്ഥാനം നയിച്ച പ്രൊഫ. കുമാരപിള്ള മന്മഥനുശേഷം മദ്യവിരുദ്ധ പ്രക്ഷോഭത്തിന്റെ നായകത്വം ഏറ്റെടുക്കുകയായിരുന്നു. മദ്യാസക്തിക്കും മദ്യവിപത്തിനുമെതിരെ കേരളീയ മനഃസാക്ഷിയെ തൊട്ടുണർത്താനും അമ്മമാരേയും സഹോദരിമാരേയും മദ്യത്തിനെതിരായ പോരാട്ടത്തിൽ അണിനിരത്താനും അദ്ദേഹത്തിനു കഴിഞ്ഞു. ചാരായനിരോധനത്തിന് ആന്റണി ഗവണ്മെന്റിനെ പ്രേരിപ്പി



ക്കുന്നതിൽ പ്രൊഫ. കുമാരപിള്ള വഹിച്ച പങ്ക് ഒട്ടും ചെറുതല്ല. കേരളീയ സമൂഹത്തിൽ കുറ്റകൃത്യങ്ങൾ ഗണ്യമായി കുറയുകയും ഒരു പരിധിവരെ കുടുംബങ്ങളിൽ സ്വൈരജീവിതം വീണ്ടെടുക്കാൻ കഴിയുകയും ചെയ്തതിനു പ്രധാന കാരണം മദ്യവർജ്ജനപ്രസ്ഥാനത്തിന്റെ പ്രചാരവേല മൂലം മദ്യപശല്യം കുറഞ്ഞതാണ്.

അനീതിക്കെതിരായ സന്ധിയില്ലാസമരം ജീവിതവ്രതമാക്കി മാറ്റിയ പോരാളിയായിരുന്നു അദ്ദേഹം. പക്ഷെ, ഈ പോരാട്ടത്തിനിടയിൽ അനുഷ്ഠിച്ച ഉണ്ണാവ്രതങ്ങൾ അദ്ദേഹത്തിന്റെ ആരോഗ്യത്തെ കാർന്നുതിന്നുകയായിരുന്നു. കരൾവീക്കം ബാധിച്ച് രണ്ടുവർഷക്കാലം ചികിത്സയിലായിരുന്ന പ്രൊഫ. കുമാരപിള്ള ഒടുവിൽ മരണത്തിനു കീഴടങ്ങുകയായിരുന്നു.

സാഹിത്യ പാരമ്പര്യമുള്ള തറവാട്ടിലെ അനന്തരാവകാശിയായിരുന്ന കുമാരപിള്ള നിശബ്ദനായ വിപ്ലവകാരിയായിരുന്നു. ബഹളങ്ങളിലും പുറംമോടിയിലും താൽപര്യമില്ലാതിരുന്ന അദ്ദേഹത്തിന്റെ കാവ്യജീവിതം നിരവധി ബഹുമതികൾക്കർഹമായി. കുമാരനാശാൻ പുരസ്കാരം, ഓടക്കുഴൽ അവാർഡ്, എം.കെ.കെ. നായർ അവാർഡ്, മികച്ച അദ്ധ്യാപനത്തിനുള്ള ഹൃദയകുമാരി പുരസ്കാരം തുടങ്ങിയവ അദ്ദേഹത്തെ തേടിയെത്തുകയായിരുന്നു.

ഒരിക്കൽപോലും അധികാരസ്ഥാനങ്ങളെപ്പറ്റി ചിന്തിച്ചിട്ടില്ലാതിരുന്ന അദ്ദേഹം അധികാരസ്ഥാനങ്ങളിലിരിക്കുന്നവരെ നേർവഴിക്കു നയിക്കാനുള്ള പ്രേരകശക്തിയായി പ്രവർത്തിച്ചു. പൗരാവകാശബോധം സമൂഹത്തിൽ ഊട്ടിവളർത്താൻ മുൻനിരയിൽനിന്നു പ്രവർത്തിക്കുകയും പൗരാവകാശലംഘനങ്ങൾക്കെതിരേ കൊടുങ്കാറ്റായി മാറുകയും ചെയ്തു. സംസ്ഥാന സർക്കാരിനും അബ്കാരി ലോബിക്കും അഴിമതി വീരന്മാർക്കുമെതിരെ മനുഷ്യശക്തിയെ അണിനിരത്തിയ അദ്ദേഹം പൗരാവകാശപ്രസ്ഥാന നായകൻ എന്ന നിലയിൽ അനുഷ്ഠിച്ച സമർപ്പിത സമരജീവിതത്തിന്റെ മൂല്യം മലയാളക്കര വേണ്ടവിധം തിരിച്ചറിഞ്ഞോ എന്ന സംശയം ബാക്കി.

